# കൈത്താക്കാലം
## വചന വിചിന്തനം
### കൈത്താക്കാലം രണ്ടാം ഞായർ

ലൂക്കാ 15,11-32

> നഷ്ടപ്പെട്ട ആടിനെയും നഷ്ടപ്പെട്ട നാണയത്തെയും കണ്ടുകിട്ടുവോളം അന്വേഷിക്കുന്ന യജമാൻ നഷ്ടപ്പെട്ട മകനെ തേടി യാത്രയാകുന്നില്ല. മറിച്ച്, മകന്റെ മാനസാന്തരത്തിനായ് വഴികണ്ണുനായി കാത്തിരിക്കുന്ന പിതാവിനെയാണ് ക്രിസ്തു അവതരിപ്പിക്കുന്നത്!

വചനഭാഗങ്ങളിൽവച്ച് ഏറ്റവും സുപരിചിതമായ ഉപമ ഏത് എന്ന് ചോദിച്ചാൽ ഒറ്റ ഉത്തരം മാത്രമെ ഉള്ളു. അത്, ധൂർത്ത പുത്രന്റെ ഉപമയാണ്. ലോക ചരിത്രത്തിലെ തന്നെ ഏറ്റവും സുന്ദരമായ ചെറുകഥ ഏതാണ് എന്ന് ചോദിച്ചാലും ഉത്തരം ഇത് തന്നെയാണ്, ദൂർത്തപുത്രന്റെ ഉപമ!

ഒരിക്കൽ മാതാപിതാക്കൾക്ക് ക്ലാസ് എടുത്തുകൊണ്ടിരുന്നപ്പോൾ വിരസത മാറ്റാനായി നടത്തിയ ഒരു എക്സസൈസ് ഇപ്രകാരമായിരുന്നു. ധൂർത്തപുത്രന്റെ ഉപമ എല്ലാവരും കേൾക്കെ ഒന്നു വായിച്ചു. അതിന് ശേഷം ക്ലാസിലുണ്ടായിരുന്ന വരോട് പറഞ്ഞു ഈ ഉപമയ്ക്ക് സുന്ദരമായ ഒരു ശീർഷകം (Title) എഴുതുക. വിവിധങ്ങളായ ശീർഷകങ്ങൾ ക്ലാസിൽ പങ്കെടുത്തവർ എഴുതി. അതിൽ ഏറ്റവും മനോഹരമായ ഒരു ശീർഷകം ഇപ്രകാരമായിരുന്നു;

"സ്നേഹം ദൂർത്തടിക്കുന്ന പിതാവിന്റെ ഉപമ!"

> പാപം ഏറ്റ് പറഞ്ഞ പുത്രനെ പുതുവസ്ത്രങ്ങൾ ധരിപ്പിച്ചു. പുതിയ മോതിരം സമ്മാനിച്ചു. അവന് വേണ്ടി കൊഴുത്ത കാളക്കുട്ടിയെ കൊന്നു! നാം പാപം ഏറ്റ് പറയുമ്പോൾ സംഭവിക്കുന്നതും ഇത് തന്നെയാണ്!

ഒരുപക്ഷെ, ഈ ശീർഷകത്തിന്റെ ഭംഗികൊണ്ടാകാം ഒന്നിരുന്ന ധ്യാനിച്ചപ്പോൾ "ധൂർത്തപുത്രന്റെ ഉപമ..." എന്നതിനേക്കാൾ ഏറ്റവും മനോഹരമായ ശീർഷകം "സ്നേഹം ദൂർത്തടിക്കുന്ന പിതാവിന്റെ ഉപമ!" എന്ന് തന്നെയാണെന്ന് തോന്നി. പിതാവിന് ഉണ്ടായിരുന്നത് രണ്ട് പുത്രൻമാർ. അതിൽ, ഇളയവൻ ധൂർത്തൻ മൂത്തവൻ കോപിഷ്ഠൻ. പക്ഷെ, ഈ രണ്ട് തിന്മകളെയും പിതാവ് അതിജീവിക്കുന്നത് അവരോടുള്ള സ്നേഹം കൊണ്ടും ക്ഷമ കൊണ്ടും മാത്രമാണ്. ഈയൊരു വെളിച്ച ത്തിന്റെ പുറത്താണ് പൗലോസ്ശ്ലീഹ ഇപ്രകാരം കുറിച്ച് വയ്ക്കുന്നത്;

"സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറു ന്നില്ല, സ്വാർഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ളാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകല ത്തെയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1 കോറി 3,4 – 8 ).

ധൂർത്തപുത്രന്റെ ഉപമ പങ്കുവയ്ക്കുന്ന വലിയ ചിന്ത മറ്റുള്ളവരെ തിരുത്തുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം സ്നേഹം എന്നത് തന്നെയാണെന്നാണ്.

പിതാവിന്റെ സ്നേഹത്തിന് മുമ്പിൽ കോപിഷ്ഠനായ മൂത്ത പുത്രനും ധൂർത്തനായ ഇളയവനും മാനസാന്തരപ്പെടുന്നു. അതുകൊണ്ടാണ്, വി.പൗലോസ്ശ്ലീഹ ഒരു പ്രവാചകനടുത്ത ആധികാരികതയോടെ കുറിച്ച് വയ്ക്കുന്നത്, ''ഞാൻ മനുഷ്യരുടെയും ദൈവദൂതൻമാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്" (1 കോറി 13,1).

സ്വന്തം തെറ്റ് തിരിച്ചറിയുകയും ആ തെറ്റ് ഏറ്റ് പറയുകയും ചെയ്യുന്ന ഇളയവൻ രക്ഷ പ്രാപിക്കുന്നു. എന്നാൽ, സ്വന്തം നന്മയിൽ ഊറ്റം കൊള്ളുന്ന മൂത്ത പുത്രൻ രക്ഷയിൽ നിന്ന് ശിക്ഷയിലേയ്ക്ക് നിപതിക്കുന്നു. ഒരു വ്യക്തിക്ക് സംഭവിക്കാവുന്ന വലിയ ഒരു തിൻമയെ "ധൂർത്തപുത്രന്റെ ഉപമയിലൂടെ" കർത്താവ് കാണിച്ച് തരുകയാണ്. ധൂർത്തനായ ഇളയവൻ രക്ഷ സ്വന്തമാക്കുമ്പോൾ പിതാവിനോട് വിധേയത്വം പുലർത്തി ജീവിച്ചിരുന്ന മൂത്തവൻ ശിക്ഷയിലേയ്ക്ക് നിപതിക്കുന്നു. അതിനുള്ള കാരണം, താൻ നീതിമാനാണെന്ന് സ്വയം കരുതുകയും അതിൽ ഊറ്റം കൊള്ളുകയും ചെയ്തു എന്നുള്ളതാണ്.

മൂത്തവൻ വയലിൽ തിരിച്ചു വരുമ്പോൾ വീടി നടുത്തുവച്ച് സംഗീതത്തിൻെറയും നൃത്തത്തിൻെറയും ശബ്ദം കേൾക്കുന്നു. അവൻ ഒരു വേലക്കാരനെ വിളിച്ച് വലിയ സംഗീതത്തിൻെറയും നൃത്തത്തിൻെറയും കാര്യം തിരക്കുന്നു. വേലക്കാരൻ പറഞ്ഞു:

''നിൻെറ സഹോദരൻ തിരിച്ചുവന്നിരിക്കുന്നു. അവനെ സസുഖം തിരിച്ചുകിട്ടിയതുകൊണ്ട് നിൻെറ പിതാവ് കൊഴുത്ത കാളക്കുട്ടിയെ കൊന്നിരിക്കുന്നു."

ഇത് കേട്ട മൂത്തവൻ കോപിച്ച് അകത്തു കയറാൻ വിസമ്മതിച്ച് നിൽക്കുമ്പോൾ പിതാവു പുറത്തുവന്ന് അവനോടു സാന്ത്വനങ്ങൾ പറയുന്നു. എന്നാൽ, സ്വന്തം നന്മയിൽ ഊറ്റം കൊണ്ടിരുന്ന മൂത്തവൻ പിതാവിനോടു പറയുകയാണ്;

"നോക്കൂ, എത്ര വർഷമായി ഞാൻ നിനക്കു ദാസ്യവേലചെയ്യുന്നു. ഒരിക്കലും നിൻെറ കൽപന ഞാൻ ലംഘിച്ചിട്ടില്ല. എങ്കിലും, എൻെറ കൂട്ടുകാരോടൊത്ത് ആഹ്ലാദിക്കാൻ ഒരു ആട്ടിൻകുട്ടിയെപ്പോലും നീ എനിക്കു തന്നില്ല. എന്നാൽ, വേശ്യകളോടു കൂട്ടുചേർന്ന്, നിൻെറ സ്വത്തെല്ലാം ധൂർത്തടിച്ച നിൻെറ ഈ മകൻ തിരിച്ചുവന്നപ്പോൾ അവനുവേണ്ടി നീ കൊഴുത്ത കാളയെ കൊന്നിരിക്കുന്നു."

ഇതിന് സമാനമായ വചനഭാഗം ക്രിസ്തു ഉപമയുടെ രൂപത്തിൽ പങ്കുവയ്ക്കുന്നുണ്ട്, "ചുങ്കക്കാരനും ഫരിസേയനും" എന്നുള്ള പേരിൽ. കർത്താവ് ഈ ഉപമ പറയുന്നത് തങ്ങൾ നീതിമാൻമാരാണ് എന്ന ധാരണയിൽ തങ്ങളിൽത്തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ പുച്ഛിക്കുകയും ചെയ്യുന്നവരെ ഉദ്ദേശിച്ചാണ്.

ഒരാൾ ഫരിസേയനും ചുങ്കക്കാരനും പ്രാർഥിക്കാൻ ദേവാലയത്തിലേക്കു പോകുന്നു. ഫരിസേയൻ നിന്നു ഇപ്രകാരം പ്രാർഥിക്കുന്നു;

"ദൈവമേ, ഞാൻ നിനക്കു നന്ദി പറയുന്നു. എന്തെന്നാൽ, ഞാൻ അക്രമികളും നീതിരഹിതരും വ്യഭിചാരികളുമായ മറ്റു മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ അല്ല. ഞാൻ ആഴ്ചയിൽ രു പ്രാവശ്യം ഉപവസി ക്കുന്നു. ഞാൻ സമ്പാദിക്കുന്ന സകലത്തിൻെറയും ദശാംശം കൊടുക്കുന്നു."

ആ ചുങ്കക്കാരൻ ദൂരെനിന്നു സ്വർഗത്തിലേക്കു കണ്ണുകൾ ഉയർത്താൻ

ഞാൻ അവനോടു പറയും:
"പിതാവേ,
സ്വർഗത്തിനെതിരായും
നിൻെറ മുമ്പിലും
ഞാൻ പാപം ചെയ്തു.
നിൻെറ പുത്രൻ എന്നു
വിളിക്കപ്പെടാൻ ഞാൻ
ഇനി യോഗ്യനല്ല.
നിൻെറ ദാസരിൽ
ഒരുവനായി എന്നെ
സ്വീകരിക്കണമേ."
പിതാവിനെതിരായ പാപം
സ്വർഗ്ഗത്തിനെതിരായ
പാപം തന്നെയാണ്!

പോലും ധൈര്യപ്പെടാതെ, മാറത്തടിച്ചുകൊണ്ട്, ദൈവമേ, പാപിയായ എന്നിൽ കനിയണമേ എന്നു പ്രാർഥിച്ചു.

പക്ഷെ, കർത്താവ് ഈ ഉപമയുടെ ക്ലൈമാക്സിൽ പറയുന്നത് ഇപ്രകാരമാണ്; "ഞാൻ നിങ്ങളോടു പറയുന്നു, ഇവൻ ആ ഫരിസേയനെക്കാൾ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങി. എന്തെന്നാൽ, തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെതാഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും" (ലൂക്കാ 18,14).

ഒന്നുറപ്പാണ്, കർത്താവ് പറയുന്ന "ധൂർത്തപുത്രന്റെ ഉപമയ്ക്ക്" ഇപ്രകാരം ഒരു വശം കൂടിയുണ്ട്; "സ്വന്തം തെറ്റ് തിരിച്ചറിയുകയും ആ തെറ്റ് ഏറ്റ് പറയുകയും ചെയ്യുന്ന ഇളയവൻ രക്ഷ പ്രാപിക്കുന്നു. എന്നാൽ, സ്വന്തം നന്മയിൽ ഊറ്റം കൊള്ളുന്ന മൂത്ത പുത്രൻ രക്ഷയിൽ നിന്ന് ശിക്ഷയിലേയ്ക്ക് നിപതിക്കുന്നു." ഒരുപാട് നന്മകൾ സ്വന്തമായുണ്ടായിരുന്നിട്ടും രക്ഷയിൽ നിന്ന് അതി വിദൂരത്താണ് മൂത്തപുത്രൻ നിലയുറപ്പിച്ചിരിക്കുന്നത്. അവൻ പകലന്തിയാവോളം പണിയിടുക്കുന്നവനാണ്... വേശ്യാസംസർഗ്ഗമില്ലാത്തവനാണ്... മദ്യപിക്കാത്തവനാണ്... പിതാവ് പറയുന്നത് കേൾക്കുകയും അടിമയെപ്പോലെ അനുസരിക്കുന്നവനുമാണ്... എന്നിട്ടും, പാഴയി പോയ ജന്മമാണ് മൂത്തവന്റേത്! ഇത്രമാത്രം നന്മകൾ ഉണ്ടായിരുന്നിട്ടും അവന്റെ നാശത്തിന് കാരണമായത്, "മറ്റുള്ളവരുടെ കുറവ് മാത്രം കാണുന്ന കണ്ണുകളുമായി ദൈവത്തെ തേടി" എന്നുള്ളതാണ്. എങ്കിൽ, "ധൂർത്ത പുത്രന്റെ ഉപമയിലൂടെ"കർത്താവ് പഠിപ്പിക്കുന്ന വലിയ ചിന്ത, "രക്ഷയ്ക്ക് തടസം പാപം മാത്രമല്ല. മറിച്ച്, തന്നിൽ പാപമില്ല എന്നുള്ള ചിന്തയാണ്" എന്നുള്ളത് കൂടെയാണ്.

ധൂർത്തപുത്രന്റെ മാനസാന്തരത്തിന് മൂന്ന് തലങ്ങൾ വ്യാഖ്യാനിക്കാൻ സാധിക്കും.

1. അവന് സുബോധമുണ്ടായി
2. അവൻ തിന്മയുടെ കുഴിയിൽ നിന്ന് എഴുന്നേൽക്കുന്നു.
3. പിതാവിന്റെ ഭവനത്തിലേയ്ക്ക് തിരിച്ച് ചെന്ന് തന്റെ കുറവുകൾ ഏറ്റ് പറയുന്നു.

ഈ മൂന്ന് തലങ്ങളിലേയ്ക്ക് നോക്കിയാലും മനുഷ്യന്റെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ചുരുക്കത്തിൽ, ഒരുവൻ നശിക്കണമെങ്കിലും രക്ഷപെടണമെങ്കിലും അവൻ തന്നെ വിചാരിക്കണം. വി. അഗസ്തിനോസ് ഇപ്രകാരം പറഞ്ഞ് വയ്ക്കുന്നുണ്ട്;

"നിന്റെ അനുവാദം കൂടാതെ നിന്നെ സൃഷ്ടിച്ചവന് നിന്റെ അനുവാദം കൂടാതെ രക്ഷിക്കാൻ സാധിക്കുകയില്ല!"

അങ്ങനെയെങ്കിൽ, രക്ഷ ദൈവത്തിന്റെ ദാനം എന്നതിനോടൊപ്പം ഞാൻ ആർജ്ജിച്ചെടുക്കേണ്ട ഒന്നുകൂടിയാണിത്.

*"ദുർമോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു.*
*പാപം പൂർണ്ണ വളർച്ചപ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു."*
യാക്കോ 1,15

"ഞാൻ ഇവിടെ വിശന്നു മരിക്കുന്നു! ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും..." അപ്പനുപകരം അപ്പൻ മാത്രം!

ഫാ. ജോബി മേനോത്ത്
+91 9447777931